**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1704** **08/06/2018-ൽ മറുപടിയ്ക്ക്**

**പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

| **ചോദ്യം**<br>**ശ്രീ.പി.വി. അൻവർ** | | **മറുപടി**<br>**ശ്രീ.കെ.റ്റി. ജലീൽ**<br>**(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി)** | |
|---|---|---|---|
| (എ) | വിദ്യാഭ്യാസ വകുപ്പ് നടപ്പാക്കുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിക്ക് സഹായകരമായ വിധത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പുറത്തിറക്കിയ ഉത്തരവുകളും സർക്കുലറുകളും ഏതൊക്കെയാണ്; പകർപ്പ് ലഭ്യമാക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിക്ക് സഹായകരമായ വിധത്തിൽ ഉപയോഗ യോഗ്യമായ കെട്ടിടങ്ങൾ പൊളിച്ച് മാറ്റുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ്, സർക്കാർ ഉത്തരവ്(കൈ.)നം.32/2018/തസ്വഭവ. തീയ്യതി.09/03/2018, സർക്കാർ ഉത്തരവ്(സാധാ.)നം.1111/18/തസ്വഭവ. തീയ്യതി.18/04/2018 എന്നീ ഉത്തരവുകൾ പുറത്തിറക്കിയിട്ടുണ്ട്. ആയതിന്റെ പകർപ്പുകൾ അനുബന്ധം I-ലും II-ലും ചേർക്കുന്നു. |
| (ബി) | പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട് ആവശ്യമായ അനുമതികൾ നിഷേധിക്കുവാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അധികാരമുണ്ടോ; രാഷ്ട്രീയ പ്രേരിതമായി ഇത്തരത്തിൽ അനുമതി നിഷേധിച്ചാൽ സമയ ബന്ധിതമായി അനുമതി ലഭിക്കുവാൻ എന്താണ് ചെയ്യേണ്ടത് എന്ന് വിശദമാക്കാമോ; | (ബി) | സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റും ഉപയോഗ യോഗ്യമല്ലാത്ത സ്കൂൾ കെട്ടിടങ്ങൾ പൊളിച്ച് മാറ്റുന്നതിന് വേണ്ട സർവ്വെ റിപ്പോർട്ടും തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗമാണ് നല്കുന്നത്. ആയത് സമയ ബന്ധിതമായി നല്കി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് പഴയ കെട്ടിടങ്ങൾ പൊളിച്ച് മാറ്റേണ്ട സാഹചര്യത്തിൽ ബദൽ സംവിധാനങ്ങൾ ഒരുക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങളുടെ വിഹിതം ഉപയോഗിക്കുവാൻ തടസ്സമുണ്ടോ; പൊതു വിദ്യാലയങ്ങളിൽ താത്ക്കാലിക ക്ലാസ്സ് മുറി നിർമ്മിക്കേണ്ടത് ആരുടെ ഉത്തരവാദിത്തമാണ്; വിശദമാക്കാമോ; | (സി) | കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബദൽ സംവിധാനങ്ങൾ ഒരുക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉപയോഗിക്കാവുന്നതാണ്. താത്കാലിക ക്ലാസ് മുറികൾ നിർമ്മിക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സ്കൂൾ പി.റ്റി.എ യുടെയും ഉത്തരവാദിത്വമാണ്. |
| (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകിട്ടിയ പൊതു വിദ്യാലയങ്ങളിൽ തദ്ദേശ സ്ഥാപനങ്ങൾക്കുള്ള അധികാരവും ഉത്തരവാദിത്തവും വിശദമാക്കാമോ; | (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകിട്ടിയ പൊതു വിദ്യാലയങ്ങളിലെ സിലബസ്, നിയമനം, പഠനം എന്നിവയൊഴികെയുള്ള എല്ലാ കാര്യങ്ങളിലും ഇടപെടുകയും നിയന്ത്രിക്കുകയും ചെയ്യാവുന്നതാണ്. |
| (ഇ) | വിദ്യാലയങ്ങളിലെ ഏതൊക്കെ രേഖകൾ പരിശോധിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമപരമായി അധികാരമുണ്ട്; വിശദമാക്കാമോ? | (ഇ) | കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആവശ്യമുള്ള പക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിദ്യാലയങ്ങളിലെ എല്ലാ രേഖകളും പരിശോധിക്കുവാനുള്ള അവകാശമുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**

അനുബന്ധം 2-1

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് -- പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയുടെ ഭാഗമായുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗയോഗ്യമായ സ്കൂൾ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനുള്ള അധികാരം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(കൈ)നം.32/2018/തസ്വഭവ. തിരുവനന്തപുരം, തീയതി, 09.03.2018.

വായന:- 1) 07.08.2017 ലെ സ.ഉ(പി) നം.102/2017/ധന. നമ്പർ ഉത്തരവ്

2) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി 28/11/2017 -ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനം

3) പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി 11/01/2018 -ൽ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി, ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗതീരുമാനം.

ഉത്തരവ്

നവകേരള ദൗത്യത്തിന്റെ ഭാഗമായ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രധാന പദ്ധതികളിലൊന്ന് ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുക എന്നതാണ്. ഇതിന്റെ ആദ്യ പടിയായി 2017-18 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ, കിഫ്ബിയുടെ 5 കോടി ധനസഹായത്തോടെ 141 സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുമെന്നും 229 സ്കൂളുകളിലെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതാണെന്നും പ്രഖ്യാപിക്കുകയുണ്ടായി. ആയതിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്കുള്ള DPR തയ്യാറാക്കുന്നതിനായി KITCO യെ ചുമതലപ്പെടുത്തുകയും കിറ്റ്കോ തയ്യാറാക്കിയ DPR പ്രകാരം 5 കോടിയുടെ പ്രോജക്ട് 138 സ്കൂളുകൾക്കും 3 കോടിയുടെ പ്രോജക്ട് 70 സ്കൂളുകൾക്കും KIIFB അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി രണ്ടുതരം കെട്ടിടങ്ങൾ പൊളിച്ചുമാറ്റേണ്ടതായി വരുന്നതാണ്.

a) കാലപ്പഴക്കം ചെന്ന ഉപയോഗശൂന്യമായ കെട്ടിടങ്ങൾ

b) ഉപയോഗയോഗ്യമായ കെട്ടിടങ്ങൾ (വിപുലമായ നിർമ്മാണപ്രവർത്തനങ്ങൾ വഴി കൂടുതൽ സൗകര്യങ്ങൾ സ്കൂളിൽ സജ്ജമാക്കുന്നതിന്, കഴിഞ്ഞ പതിനഞ്ച് വർഷത്തിനുള്ളിൽ നിർമ്മിച്ച ചില കെട്ടിടങ്ങൾ)

മുകളിൽ ഒന്നാമതായി വായിച്ച ഉത്തരവ് പ്രകാരം കാലപ്പഴക്കം ചെന്നതും ഉപയോഗശൂന്യമായതുമായ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിന് ബന്ധപ്പെട്ടവർക്ക് അധികാരം നൽകി ഉത്തരവായിരുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ - ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയുടെ ഭാഗമായുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗയോഗ്യമായ സ്കൂൾ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നത് സംബന്ധിച്ച് മുകളിൽ രണ്ടാമതായും മൂന്നാമതായും വായിച്ച തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഈ വിഷയം വിശദമായി പരിശോധിച്ചു.

പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിലേക്കായി ഉപയോഗയോഗ്യമായ സ്കൂൾ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിന് അനുമതി നൽകുന്നതിനുള്ള

അധികാരം ജില്ലാ തലത്തിൽ LSG Engineer, PWD Building Division Engineer, വിദ്യാഭ്യാസ വകുപ്പിലെ AEO/DEO എന്നിവർ അടങ്ങുന്ന കമ്മിറ്റിക്ക് നൽകിയും ആയവയുടെ നിലവിലെ മൂല്യം എഴുതിത്തള്ളുന്നതിന് തദ്ദേശസ്ഥാപനത്തിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ബി. അശോക്
സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി., തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഓഫീസർ, ആർ.എം.എസ്.എ, തിരുവനന്തപുരം
ഡയറക്ടർ, എസ്.ഐ.ഇ.ടി., തിരുവനന്തപുരം
ഡയറക്ടർ, സീമാറ്റ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ്, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (കെട്ടിട വിഭാഗം) തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും/എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും/എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (19/2/18 ലെ 217294418/Ind & PW-BW2/2018/Fin. പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ്
കരുതൽ ഫയൽ /ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ/റൂറൽ) യുടെ പിഎ. യ്ക്ക്

അനുബന്ധം – II

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഉപയോഗയോഗ്യമായ സ്കൂൾ കെട്ടിടങ്ങൾ പൊളിച്ച് മാറ്റി പകരം അനുയോജ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ - ഭേദഗതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ) നം.1111/2018/ തസ്വഭവ                തിരുവനന്തപുരം, തീയതി, 18.04.2018.

വായന:- 09/03/2018 ലെ സ.ഉ.(കൈ) നം.32/18/തസ.സ്വ.ഭ.വ. നം. ഉത്തരവ്

ഉത്തരവ്

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഉപയോഗയോഗ്യമായ സ്കൂൾ കെട്ടിടങ്ങൾ പൊളിച്ച് മാറ്റി പകരം അനുയോജ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ മുകളിൽ വായിച്ച ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു. ആയത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മുകളിൽ വായിച്ച ഉത്തരവിൽ താഴെപ്പറയുന്ന ഭേദഗതി വരുത്തി ഉത്തരവാകുന്നു.

a) വായനയിലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച കമ്മിറ്റിയുടെ കൺവീനറായി അതത് തദ്ദേശ സ്വയംഭരണവകുപ്പ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തുന്നു. അതാത് ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർ പ്രസ്തുത കമ്മിറ്റി രൂപീകരിച്ച് സമയബന്ധിതമായി നടപടി പൂർത്തീകരിക്കേണ്ടതാണ്.

b) സ്കൂളുകൾ തദ്ദേശസ്വയംഭരണ വകുപ്പ് എൻജിനീയർക്ക് അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ കമ്മിറ്റി കൺവീനർക്ക് എത്രയും വേഗം കൈമാറേണ്ടതാണ്.

c) കൈമാറി കിട്ടിയ അപേക്ഷ ഏറ്റവും അടുത്ത ദിവസം തന്നെ കമ്മിറ്റികൂടി പരിഗണിക്കേണ്ടതും വായനയിലെ സർക്കാർ ഉത്തരവിന് അനുസൃതമായി തീരുമാനമെടുത്ത് തീർപ്പാക്കേണ്ടതുമാണ്.

d) കുട്ടികളുടെ സുരക്ഷ, ആരോഗ്യം എന്നിവ കണക്കിലെടുത്തും അദ്ധ്യയനം തടസ്സപ്പെടാത്ത രീതിയിലും ഏപ്രിൽ 30-ാം തീയ്യതിക്കകം തന്നെ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും അത് സംബന്ധിച്ച തീരുമാനം അടിയന്തിരമായി സ്വീകരിച്ച് മേൽ നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടെന്ന് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതാണ്.

e) കെട്ടിടങ്ങളുടെ നിലവിലെ മൂല്യം എഴുതിതള്ളുന്നതിനായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി (SPV) ചുമതലപ്പെടുത്തിയിട്ടുള്ള KITE ന്റെ എഞ്ചിനീയർമാരുടെ സഹായത്തോടുകൂടി തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർ പ്രാഥമിക മൂല്യ നിർണ്ണയം നടത്തേണ്ടതും ബന്ധപ്പെട്ട റിപ്പോർട്ട് സമിതി മുൻപാകെ സമർപ്പിക്കേണ്ടതുമാണ്. ഇപ്രകാരം മൂല്യം എഴുതിത്തള്ളിക്കഴിഞ്ഞാൽ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനുള്ള നടപടി KITE ന്റെ മേൽനോട്ടത്തിൽ നിയോഗിക്കപ്പെടുന്ന കോൺട്രാക്ടർമാർ നിർവഹിക്കേണ്ടതും കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾ അവർ മുഖേന നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

f) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തിട്ടുത്തിയിട്ടുള്ള KITE ന്റെ എൻജിനീയർമാരുടെ സേവനം കെട്ടിടങ്ങളുടെ നിലവിലെ മൂല്യനിർണ്ണയം നടത്തുന്നതിന് എല്ലാ സ്കൂൾ തലത്തിലും ലഭ്യമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

വായനയിലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനില്ക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ തിരുവനന്തപുരം
പൊതു വിദ്യാഭ്യാസ ഡയറക്ടർ
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
തദ്ദേശഭരണ വകുപ്പിലെ എല്ലാ എഞ്ചിനീയർമാർക്കും
എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും മേധാവികൾക്കും സെക്രട്ടറിമാർക്കും.
എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
സി.ഇ.ഒ, എഡ്യൂക്കേഷൻ മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, KITE തിരുവനന്തപുരം
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ ക്ക്
വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ ക്ക്
തദ്ദേശ സ്വയംഭരണ (റൂറൽ/അർബൻ) സെക്രട്ടറിയുടെ പി.എ ക്ക്